തർബിയത്ത്

●

കെ.പി ഇസ്മാഈൽ

# സുഖലോലുപത സർവനാശം വിതക്കുന്ന കൊടുംവിപത്ത്

**ചുറ്റുമുള്ള സമൂഹത്തിന് സുഖലോലുപന്റെ ജീവിത ശൈലി കടുത്ത ദ്രോഹമായിത്തീരുന്നു. അനേകം പട്ടിണിപ്പാവങ്ങളുടെ അവകാശമാണ്/ ഭക്ഷണമാണ് അവൻ തട്ടിയെടുക്കുന്നത്. അനേകം ദരിദ്രർക്ക് അവൻ പാർപ്പിടം നിഷേധിക്കുന്നു. അനേകം അഗതികളുടെ രോഗമാണ് അവൻ കാരണം മൂർഛിക്കുന്നത്. കാരണം, ഇവർക്കെല്ലാം അവകാശപ്പെട്ട ധനമാണ് അവൻ ധൂർത്തടിക്കുന്നത്. സുഖലോലുപനാവുക എന്നാൽ മഹാ അക്രമിയും സാമൂഹികദ്രോഹിയുമാവുക എന്നാണർഥം.**

**സർവനാശം** വിതക്കുന്ന കൊടും വിപത്താണ് സുഖലോലുപത. അതുകൊണ്ടാണ്, ഏതു സമയവും അല്ലാഹുവിന്റെ ശിക്ഷയുടെ ചാട്ടയടിയേൽക്കാവുന്ന കൊടും പാപികളായി ഖുർആൻ സുഖലോലുപരെ എടുത്തോതിയത്. “ഒരു നാടിനെ നശിപ്പിക്കണമെന്ന് നാമുദ്ദേശിച്ചാൽ അവിടത്തെ സുഖലോലുപരോട് നാം കൽപിക്കും. അങ്ങനെ അവരവിടെ അധർമം പ്രവർത്തിക്കും. അതോടെ അവിടം ശിക്ഷാർഹമായിത്തീരുന്നു. അങ്ങനെ നാമതിനെ തകർത്തുതരിപ്പണമാക്കുന്നു” (ഖുർആൻ 17:16). സുഖലോലുപരെ അഹങ്കാരത്തിന് പ്രേരിപ്പിക്കുന്നത് എന്തൊക്കെയാണെന്ന് അല്ലാഹു വ്യക്തമാക്കുന്നു: “ഏതൊരു നാട്ടിലേക്ക് നാം മുന്നറിയിപ്പുകാരെ അയച്ചുവോ അപ്പോഴൊക്കെ അവിടങ്ങളിലെ സുഖലോലു

പർ പറഞ്ഞു: നിങ്ങൾ കൊണ്ടുവന്ന സന്ദേശത്തെ ഞങ്ങളിതാ തള്ളിക്കളയുന്നു. ഞങ്ങൾ കൂടുതൽ സമ്പത്തും സന്താനങ്ങളുമുള്ളവരാണ്" (34:34,35).

നിന്ദ്യമായ നിലയിൽ സുഖം ചുഴിഞ്ഞന്വേഷിക്കുന്നതാണ് സുഖലോലുപത. ഈ മാരക വിപത്ത് തന്റെ സമുദായത്തെ ബാധിക്കുന്നതിനെക്കുറിച്ച് പ്രവാചകൻ ദീർഘദർശനം ചെയ്തതായി കാണാം. ബഹ്റൈനിൽനിന് പിരിച്ചെടുത്ത നികുതിയുമായി അബൂഉബൈദ എത്തിയതറിഞ്ഞ് ആഹ്ലാദത്തോടെ ചുറ്റും തടിച്ചുകൂടിയ സഖാക്കളോട് പ്രവാചകൻ പറഞ്ഞു: "നിങ്ങൾ സന്തോഷിച്ചുകൊള്ളുക. സന്തോഷത്തിനുള്ള വക ഞാൻ തരികയും ചെയ്യാം. എന്നാൽ അല്ലാഹുവാണ, എനിക്ക് ഭയമാണ് തോന്നുന്നത്. നിങ്ങൾക്ക് ദാരിദ്ര്യം വരുമോ എന്നതല്ല എന്റെ പേടി; നിങ്ങൾക്ക് പണം കൂടിപ്പോകുമോ എന്നാണ് എന്റെ പേടി. നിങ്ങൾക്കു മുമ്പുള്ളവർക്ക് ഐഹികവിഭവം നൽകപ്പെട്ടതുപോലെ നിങ്ങൾക്കും നൽകപ്പെടുമോ എന്നാണ് എന്റെ പേടി. അങ്ങനെ അവർ സമ്പത്തിനു വേണ്ടി മത്സരിച്ചതുപോലെ നിങ്ങളും മത്സരിക്കും. അവരെ നശിപ്പിച്ചതുപോലെ സമ്പത്ത് നിങ്ങളെയും നശിപ്പിക്കും."

നബിയുടെ പ്രവചനം പുലർന്നതായി നമുക്ക് കാണാനാവും. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സുഖിയന്മാരും ധൂർത്തന്മാരും ആരാണെന്ന അന്വേഷണം നമ്മെ നടുക്കും. സുഖലോലുപതയുടെ ധിക്കാരം ചില ഖലീഫമാർതന്നെ തുടങ്ങിവെച്ചിരുന്നു. സച്ചരിതരായ നാല് ഖലീഫമാർക്കു ശേഷം വന്ന ഖലീഫമാരിൽ പലരും സുഖിയന്മാരായിരുന്നു. ഉമവി ഭരണം-മുആവിയയുടെ സന്താന പരമ്പരയുടെ ഭരണം- രാജകീയ ഭരണമായിരുന്നു. കൊട്ടാരജീവിതം അധഃപതനത്തിന്റെയും അഴിമതിയുടെയും കൂത്തരങ്ങായിരുന്നു.

സുഖലോലുപർ സമൂഹത്തിന് ചെയ്യുന്ന ദ്രോഹങ്ങൾ എന്തെല്ലാമാണെന്നും അവർ ഇസ്‌ലാമിന് എങ്ങനെ ശാപമായിത്തീരുന്നുവെന്നും പ്രബോധകരുടെ വഴിയിൽ അവർ എങ്ങനെ മാർഗതടസ്സമായിത്തീരുന്നുവെന്നും അന്വേഷിക്കേണ്ടതുണ്ട്. ചുറ്റുമുള്ള സമൂഹത്തിന് സുഖലോലുപന്റെ ജീവിതശൈലി കടുത്ത ദ്രോഹമായിത്തീരുന്നു. അനേകം പട്ടിണിപ്പാവങ്ങളുടെ അവകാശമാണ്/ ഭക്ഷണമാണ് അവൻ തട്ടിയെടുക്കുന്നത്. അനേകം ദരിദ്രർക്ക് അവൻ പാർപ്പിടം നിഷേധിക്കുന്നു. അനേകം അഗതികളുടെ രോഗമാണ് അവൻ കാരണം മൂർഛിക്കുന്നത്. അനേകം യുവതികളുടെ പുഞ്ചിരിയാണ് അവൻ തട്ടിപ്പറിക്കുന്നത്. അനേകം വിധവകളുടെ സ്വപ്നങ്ങൾക്കാണ് അവൻ ചിതയൊരുക്കുന്നത്. കാരണം, ഇവർക്കെല്ലാം അവകാശപ്പെട്ട ധനമാണ് അവൻ ധൂർത്തടിക്കുന്നത്. സുഖലോലുപനാവുക എന്നാൽ മഹാ അക്രമിയും സാമൂഹികദ്രോഹിയുമാവുക എന്നാണർഥം.

സുഖലോലുപന്മാരുടെ വിളയാട്ടം സമൂഹത്തിൽ വേറെയും ഗുരുതരമായ കുഴപ്പങ്ങൾക്ക് കാരണമാവുന്നുണ്ട്. ഒരു വിഭാഗം സമ്പന്നതയിലും സുഖലോലുപതയിലും ആറാടുന്നു. അവർക്ക് സമുദായത്തിലും പള്ളിയിലുമെല്ലാം ഉന്നത സ്ഥാനവും അംഗീകാരവും ലഭിക്കുന്നു. അവരുടെ ആജ്ഞകൾക്ക് പണ്ഡിതന്മാരും പുരോഹിതന്മാരും തല കുനിക്കുന്നു. ഇതെല്ലാം കാണുന്ന, ഇസ്‌ലാമിനെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്ത സാധാരണക്കാർ ധരിക്കുക ഈ ചൂഷണത്തിനും ധിക്കാരത്തിനുമെല്ലാം അല്ലാഹുവും റസൂലും ഖുർആനുമെല്ലാം കൂട്ടുനിൽക്കുന്നു എന്നാണ്. അങ്ങനെ ഇസ്‌ലാമിനെക്കുറിച്ചും അല്ലാഹുവിനെക്കുറിച്ചും പ്രവാചകനെക്കുറിച്ചും ഗുരുതരമായ തെറ്റുധാരണകൾ രൂപപ്പെടുന്നു. മറ്റെല്ലാ ചൂഷണവ്യവസ്ഥയും പോലെ തന്നെയാണ് ഇസ്‌ലാമും. പണക്കാരുടെയും സുഖിയന്മാരുടെയും കൂടെയാണ് മതത്തിന്റെ

ആൾക്കാരും. അല്ലാഹുവും റസൂലും അനുകൂലമായതുകൊണ്ടാണല്ലോ പണ്ഡിതന്മാർ സുഖിയന്മാരോടൊപ്പം കൂടുന്നത്. അതുകൊണ്ട് ഞങ്ങളെപ്പോലുള്ള പാവങ്ങൾക്ക് ഒരിക്കലും മോചനമില്ല. ഇങ്ങനെയായിരിക്കും പാവങ്ങൾ ചിന്തിക്കുന്നത്.

സാധാരണക്കാർ ദാരിദ്ര്യത്തിലും മലിനമായ ചുറ്റുപാടിലും നിസ്സഹായ ജീവിതം നയിക്കുകയാണെങ്കിൽ ഇസ്‌ലാമിന്റെ സൗന്ദര്യം പൂർണമായും അവർക്കെങ്ങനെ മനസ്സിലാക്കാനാകും? നോർവെയിലെ നവ മുസ്‌ലിമായ അന്നാ സോഫിക് റൊണാൾഡ് എന്ന വനിതയുടെ ഈ ചോദ്യം എത്ര പ്രസക്തമാണെന്ന് ആലോചിക്കുക (*ഇസ്‌ലാമിലേക്കുള്ള പാത*, പേജ് 150).

വിവാഹച്ചടങ്ങുകൾ ഉത്സവങ്ങളും മാമാങ്കങ്ങളുമാക്കുന്ന അഹങ്കാരികൾ പെരുകിക്കൊണ്ടിരിക്കുന്നു. സുഖിപ്പിക്കുകയും തങ്ങളുടെ വരുതിയിൽ നിർത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. നീതിയും ധർമവും അവർക്ക് പ്രശ്നമേയല്ല. ദൈവിക വചനങ്ങളും പ്രവാചക നിർദേശങ്ങളും അവർ കാൽച്ചുവട്ടിലിട്ട് ചവിട്ടിയരക്കുന്നു.

യേശു പറഞ്ഞു: “നീ സദ്യയോ അത്താഴ വിരുന്നോ കൊടുക്കുമ്പോൾ നിന്റെ സ്നേഹിതന്മാരെയോ സഹോദരന്മാരെയോ ബന്ധുക്കളായ ധനികരെയോ അയൽക്കാരെയോ വിളിക്കരുത്. ഒരുപക്ഷേ, അവർ നിന്നെ പകരം ക്ഷണിക്കുകയും അത് നിനക്ക് പ്രതിഫലമാവുകയും ചെയ്യും. ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും. എന്തെന്നാൽ പകരം നൽകാൻ അവരുടെ പക്കൽ ഒന്നുമില്ല. തിരിച്ചുനൽകാൻ കഴിയാത്തവർക്ക് നൽകുമ്പോൾ അതാണ് ശരിയായ ദാനം. അതാണ് ദൈവത്തിനു നൽകുന്ന ആതിഥ്യവും ദാനവും.”

ഒരിക്കൽ നബിയും സ്വഹാബിമാരും വിശ്രമിക്കെ, അർധനഗ്നരും കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചവരും ചെരുപ്പില്ലാത്തവരുമായ ഒരു സംഘം വന്നു. അവരുടെ ദാരിദ്രാവസ്ഥ കണ്ടപ്പോൾ റസൂലിന്റെ ഭാവം മാറി. റസൂൽ വീട്ടിനകത്തേക്കു പോയി. തിരിച്ചുവന്ന് ബിലാലിനോട് ബാങ്കുവിളിക്കാൻ പറഞ്ഞു. പിന്നെ നമസ്കരിച്ചു. ചില ഖുർആൻ വാക്യങ്ങൾ ഓതി പ്രസംഗിച്ചു. സ്വർണവും വെള്ളിയും വസ്ത്രവും ഗോതമ്പും ദാനം നൽകാൻ ആവശ്യപ്പെട്ടു. ‘ഒരു ചീള് കാരക്കയെങ്കിലും കൊണ്ടുവരൂ’ - നബി ആവശ്യപ്പെട്ടു. ജനങ്ങൾ വലിയ കെട്ടുകളുമായി വരാൻ തുടങ്ങി. വസ്ത്രങ്ങളുടെയും ഭക്ഷണത്തിന്റെയും രണ്ട് കൂമ്പാരങ്ങൾ ഉയർന്നു. റസൂലിന്റെ മുഖം തെളിഞ്ഞു. പ്രകാശമാനമായി. ആ മുഖം സ്വർണവർണമായതുപോലെ തിളങ്ങി (മുസ്‌ലിം).

തിന്നാനും ഉടുക്കാനുമില്ലാത്തവരോടുള്ള നബിയുടെ സമീപനമായിരുന്നു അത്. അബൂബക്കറും ഉമറും ഈ മാതൃക പിന്തുടർന്നു. എന്നാൽ ഇന്നോ? ദാനം നൽകുന്നതിലോ അയൽവാസിയുടെ പട്ടിണി മാറ്റുന്നതിലോ അഗതികളെ കൈപിടിച്ചുയർത്തുന്നതിലോ അല്ല, സ്വന്തം വീട് മോടികൂട്ടിക്കൊണ്ടിരിക്കുന്നതിലാണ് മുസ്‌ലിം നാമധാരികളുടെ വ്യഗ്രത.

ഇസ്‌ലാമിക സംസ്കാരത്തേക്കാൾ ഇവിടത്തെയാളുകൾ ജീവിതത്തിൽ പകർത്തുന്നത് അറബ് പ്രഭുക്കന്മാരുടെ സുഖലോലുപതയുടെ സംസ്കാരമാണ്. അതുകൊണ്ടാണ് സൽക്കാരത്തിന്റെയും വീടിന്റെയും കാര്യത്തിൽ ധൂർത്തും ദുർവ്യയവും. ഇസ്‌ലാമിക സംസ്കാരമെന്നാൽ നബിയുടെയും സ്വഹാബിമാരുടെയും സംസ്കാരമാണ്. അതാകട്ടെ, ലാളിത്യത്തിന്റെയും ജീവകാരുണ്യത്തിന്റെയും സംസ്കാരമാണ്. അത് പകർത്താൻ നമുക്ക് മടിയാണ്. നമുക്ക് ഇരട്ട നാക്കാണ്. ഒരു നാക്കുകൊണ്ട് ഇസ്‌ലാമിനെക്കുറിച്ച് പ്രസംഗിക്കും. മറു നാക്കുകൊണ്ട് കാലത്തിനനുസ

രിച്ച് കോലംകെട്ടണമെന്ന് വാദിക്കും.

നബി പറയുകയുണ്ടായി: "ഹൃദയത്തിൽ അണുമണിത്തൂക്കം അഹങ്കാരമുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല." മറ്റൊരിക്കൽ നബി പറഞ്ഞു: "സ്വർഗവാസികളെക്കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം. അവർ പാവങ്ങളും വിനയാന്വിതരുമാണ്. എല്ലാ അക്രമികളും ക്രൂരന്മാരും അഹങ്കാരികളുമാണ് നരകവാസികൾ." നബി വീണ്ടും: "സ്വർഗകവാടത്തിൽ ഞാൻ നോക്കി. അതിൽ പ്രവേശിക്കുന്നവരിലധികവും പാവപ്പെട്ടവരാണ്. സമ്പന്നർ അവിടെ തടഞ്ഞുവെക്കപ്പെട്ടിരിക്കുന്നു" (മുസ്‌ലിം).

കാൻസർ പോലെയാണ് സുഖലോലുപത. പതുക്കെപ്പതുക്കെ ജീവിതത്തിന്റെ ചെറിയ ചെറിയ അംശങ്ങളിൽ സുഖലോലുപത പടരുന്നു. പിന്നെ ജീവിതത്തെ മുഴുവൻ പിടിയിലൊതുക്കുന്നു. "തിനപോലെ ചെറുതായ കുറ്റം തന്നിൽ കണ്ടാലും അതിനെ പനപോലെ വലുതായി കരുതുന്നവരാണ് പാപഭയമുള്ളവർ" (*തിരുക്കുറൾ*). ഇങ്ങനെ സൂക്ഷ്മമായി ജീവിതത്തെ വിലയിരുത്തുന്നവർക്കും വിചാരണ ചെയ്യുന്നവർക്കും മാത്രമേ സുഖലോലുപതയിൽനിന്നും രക്ഷ തേടാനാകൂ.

ബഹുഭൂരിപക്ഷം മുസ്‌ലിംകൾക്കും ഇസ്‌ലാം എന്താണെന്ന് മനസ്സിലായിട്ടില്ല; അമുസ്‌ലിംകൾക്കും അതെ. കാരണം ഖുർആനും മുസ്‌ലിംകളുടെ ജീവിതവും തമ്മിൽ മോരും മുതിരയും പോലെയാണുള്ളത്. ഒരു യോജിപ്പുമില്ല. സമൂഹത്തിൽ കടുത്ത അന്തരം നിലനിൽക്കുന്നു. ഒരു ഭാഗത്ത് കടുത്ത ദാരിദ്ര്യം. മറുഭാഗത്ത് ധൂർത്തും സുഖലോലുപതയും. സമത്വ ഭാവന പുലരേണ്ടത് മുസ്‌ലിംകളുടെ ജീവിതത്തിലാണ്. എന്നാൽ എവിടെയും അതില്ല. അറിവില്ലായ്മയും അഹന്തയും ചേർന്ന് മുസ്‌ലിം സമൂഹത്തെ നശിപ്പിച്ചിരിക്കുന്നു.

സൗന്ദര്യ മത്സരത്തേക്കാൾ വലിയ അധർമങ്ങൾ നടക്കുന്നു. അത് കൊച്ചിയിലും പാരീസിലുമൊന്നുമല്ല. നമ്മുടെ ചുറ്റുംതന്നെ. നമ്മുടെ അയൽപക്കത്ത്. പണമില്ലാത്തതുകൊണ്ടു മാത്രം എത്രയോ യുവതികൾ വിവാഹിതരാകാൻ ഭാഗ്യമില്ലാതെ കണ്ണീരൊഴുക്കുന്നു. പലരും വഴിപിഴച്ചുപോവുന്നു. അപ്പോഴാണ് ചിലരുടെ ധാർമികരോഷം തിളച്ചുമറിയുക. അവളെ സഹായിക്കേണ്ട സമയത്ത് വേണ്ട സഹായം ചെയ്യില്ല. കാരണം അതിന് അധ്വാനവും പണച്ചെലവുമുണ്ടല്ലോ. അവൾ വഴിപിഴക്കുമ്പോഴാണ് സമുദായത്തിന്റെ കാവൽക്കാരായി ചമയുന്നവരുടെ സമുദായ സ്നേഹം കവിഞ്ഞൊഴുകുക. അപ്പോൾ വായ കൊണ്ട് പറയുകയല്ലേ വേണ്ടൂ. അവളെ നാലാളുടെ മുമ്പിൽ ചീത്ത പറയാൻ പ്രത്യേകിച്ച് ചെലവൊന്നുമില്ലല്ലോ. ■